പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 272 18.02.2013-ലെ മറുപടിയ്ക്ക്

# "എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. റ്റി. വി. രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ, ദുരിതബാധിതർക്ക് നൽകേണ്ട സഹായം സംബന്ധിച്ച ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പാക്കേജ് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ശുപാർശ ലഭിച്ചത് എപ്പോഴായിരുന്നു; ശുപാർശ സംബന്ധിച്ച മന്ത്രിസഭാ ഉപസമിതി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത 477/11/6/2010 നമ്പർ കേസിൽ 31.12.2010നാണ് ശുപാർശ ലഭിച്ചത്. 18.5.2011-ൽ നടന്ന മന്ത്രിസഭാ യോഗത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ അംഗീകരിക്കാനും നടപ്പിലാക്കാനും തത്വത്തിൽ തീരുമാനിച്ചു. 26.5.2012ലെ സ.ഉ.(എം.എസ്)നമ്പർ 147/12/ആ.കു.വ. പ്രകാരം പൂർണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുവാൻ ഉത്തരവായിട്ടുണ്ട്. ആയതിലേക്കായി 27.0425 കോടി രൂപ (ഇരുപത്തിയേഴ് കോടി നാല് ലക്ഷത്തി ഇരുപത്തിയയ്യായിരം രൂപ) |

| | |
|---|---|
| | കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. 28.06.2012ലെ സ.ഉ.(എം.എസ്.) നമ്പർ 198/12/ആ.കു.വ. പ്രകാരം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം എൻഡോസൾഫാൻ മൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. 17.82 കോടി രൂപ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് നൽകാൻ സർക്കാർ അനുവദിച്ചിരുന്നു. ജി.ഒ.(എം.എസ്) 373/12/ആ.കു.വ 06.11.2012 അനുസരിച്ച് എൻഡോസൾഫാൻ തളിച്ചു തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാൻ സർക്കാർ ഉത്തരവായിരുന്നു. |
| (സി) എൻഡോസൾഫാൻ കാരണത്താലുണ്ടായ മരണങ്ങളും നാശനഷ്ടങ്ങളും സംബന്ധിച്ച കണക്കുകൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) എൻഡോസൾഫാൻ ദുരിത ബാധിതരായി ഇതുവരെ 808 പേർ മരണപ്പെട്ടിട്ടുണ്ട്. എന്നാണ് കണക്കാക്കപെട്ടിട്ടുള്ളത്. (ഇത് ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്ഥിരീകരിക്കേണ്ടതുണ്ട് ) |
| (ഡി) കേന്ദ്ര സർക്കാർ നേരത്തെ പ്രഖ്യാപിച്ച സഹായം പൂർണമായും സംസ്ഥാന സർക്കാർ വാങ്ങിയിട്ടുണ്ടോ;<br><br>(ഇ) പ്രഖ്യാപിച്ചതെത്ര; ഇതിനകം വാങ്ങിയെടുത്തത് എത്ര; ഇപ്പോഴും വിതരണം ചെയ്തിട്ടില്ലാത്ത തുക എത്ര ? | (ഡി) & (ഇ) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ നടപ്പിലാക്കുന്നതിനായി നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെയും കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായമൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.